പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1116 20.03.2012 ൽ മറുപടിയ്ക്ക

## പയ്യന്നൂർ താലൂക്ക് രൂപീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പുമന്ത്രി) |
| (എ) പയ്യന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) യും (ബി) യും | ഉണ്ട് ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും വില്ലേജുകളുടെയും പുന:സംഘടന/രൂപീകരണം സംബന്ധിച്ച് ലാൻറ് റവന്യൂ കമ്മീഷണറേറ്റും സർക്കാർ റവന്യൂ വകുപ്പും സംയുക്തമായി 2007 ൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പ്രയോറിറ്റി നം.4 ആയി പയ്യന്നൂർ താലൂക്ക് രൂപീകരണം പരാമർശിക്കുന്നുണ്ട്. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനു ശേഷം മാത്രമേ പയ്യന്നൂർ താലൂക്ക് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടു ക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) ജനസംഖ്യാനുപാതികമായി പുനർ നിർണ്ണയം നടത്തി കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ താലൂക്ക് രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ